## ഭരണഭാഷ-മാതൃഭാഷ

എ5/15425/റ്റിസി/2000

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 29-04-2017

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ്-2017 മെയ് 1 മുതൽ ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളമാക്കിക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ 'ഭരണഭാഷാ പ്രഖ്യാപനം' നടപ്പിലാക്കുന്നത് സംബന്ധിച്ച്

സൂചന: 26-04-2017 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ. 6/2017/ഉ.ഭ.പ.വ

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നിയമപരമായി ഇംഗ്ലീഷും, സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെയുള്ള എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം മാത്രം ഉപയോഗിക്കണമെന്നതാണ് നിലവിലുള്ള വ്യവസ്ഥ എന്നതിനാൽ മലയാളം ഉപയോഗിക്കേണ്ട സാഹചര്യങ്ങളിൽ നിർബന്ധമായും അതുപയോഗിക്കുവാൻ ഉദ്യോഗസ്ഥർക്ക് നിയമപരമായ ബാധ്യതയുണ്ട് എന്ന് സൂചനപ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ 2017 മെയ് 1 മുതൽ സെക്രട്ടേറിയേറ്റ് ഉൾപ്പെടെയുള്ള സർക്കാർ, അർദ്ധ സർക്കാർ , പൊതുമേഖല, സ്വയംഭരണ സഹകരണ സ്ഥാപനങ്ങളിൽ ഔദ്യോഗിക ഭാഷയായി മലയാളം ഉപയോഗിക്കുന്നത് നിർബന്ധമാക്കിക്കൊണ്ടും, ഇവിടങ്ങളിൽ നിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകളും, സർക്കുലറുകളും, കത്തുകളും, മറ്റും നിബന്ധനകൾക്ക് വിധേയമായി മലയാളത്തിൽത്തന്നെയായിരിക്കണം എന്ന് ബഹു.മുഖ്യമന്ത്രി ഭരണഭാഷാ പ്രഖ്യാപനം നടത്തുകയുണ്ടായി.

**സംസ്ഥാനത്തെ തമിഴ്, കന്നടഭാഷാ ന്യൂനപക്ഷക്കാർക്ക് ഭരണഭാഷാ സംബന്ധിച്ച നിലവിലുള്ള അവകാശങ്ങൾ നിലനിർത്തിക്കൊണ്ട് (1) കേന്ദ്ര സർക്കാർ, (2) കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, (3) ബഹുമാനപ്പെട്ട ഹൈക്കോടതി, ബഹുമാനപ്പെട്ട സുപ്രീം കോടതി (4) ഇതര**

സംസ്ഥാനങ്ങൾ, (5) മറ്റ് രാജ്യങ്ങൾ, (6) സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നട അല്ലാതെയുള്ള മറ്റ് ഭാഷാന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ, (7) ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിൽ പ്രത്യേകം പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ കറിപ്പ ഫയൽ മലയാളത്തിലായിരിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി കത്തിടപാടുകൾക്ക് ഇംഗ്ലീഷ് ഉപയോഗിക്കാവുന്നതാണ്. നിയമപരമായി ഇംഗ്ലീഷും, ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളൊഴികെയുള്ള എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും 2017 മെയ് 1 മുതൽ നിർബന്ധമായും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് സൂചനപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തങ്ങളുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും പുറപ്പെടുവിക്കുന്ന എല്ലാവിധ ഉത്തരവുകളും, സർക്കുലറുകളും, മറ്റ് കത്തിടപാടുകളും ഫയൽ നടപടികളും, റിപ്പോർട്ടുകളും മേല്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി മലയാളത്തിലാണെന്ന് ഓഫീസ് തലവന്മാർ ഉറപ്പ് വരുത്തേണ്ടതാണ്. സർക്കാരിന്റെ ഭരണഭാഷാമാറ്റനടപടികളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ ഉത്തരവുകളുടെ ലംഘനമായികണ്ട് നടപടി സ്വീകരിക്കുന്നതുമാണ്.

വിശ്വസ്തതയോടെ
ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ

29-4-17

സീനിയർ സൂപ്രണ്ട്

29.4.17